(ബി) 19776.39 ലക്ഷം.

(സി) & (ഡി) ഇല്ല.

(ഇ) അനുവദിക്കാതിരുന്നിട്ടില്ല.

**ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ എടുത്ത തുക തിരികെ നൽകാൻ നടപടി**

7 [3869] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വരെ കള്ള് ചെത്ത്, ചുമട്, മോട്ടോർ, കെട്ടിട നിർമ്മാണം എന്നീ ക്ഷേമനിധി ബോർഡുകളിൽ നിന്നായി 138 കോടി രൂപ സർക്കാർ വായ്പയെടുത്തിട്ടുള്ളതിൽ ഇതിനകം എത്ര രൂപ തിരിച്ച് അതാതു ബോർഡുകൾക്ക് നല്കിയിട്ടുണ്ട്;

(ബി) വീണ്ടും വായ്പയെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എത്ര തുക;

(ഡി) ഏതെല്ലാം ബോർഡുകളിൽ നിന്നെന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) ക്ഷേമനിധി ബോർഡുകളിൽ നിന്ന് സർക്കാർ വായ്പ എടുത്തിട്ടില്ല. ക്ഷേമനിധി ബോർഡുകൾക്ക് ട്രഷറിയിൽ നിക്ഷേപത്തിനുള്ള അവസരം നൽകിയിരുന്നു. ഇപ്രകാരം നിക്ഷേപിച്ചിരുന്ന മുഴുവൻ തുകയും പിൻവലിക്കാനും അനുവദിച്ചിരുന്നു.

(ബി) ഇല്ല.

(സി) & (ഡി) ഉദിക്കുന്നില്ല.

**ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിനായി പിരിച്ചെടുത്ത സംഖ്യ വിനിയോഗിക്കുന്നതിന് നടപടി**

8 [3870] *ശ്രീ. കെ. പി. രാജേന്ദ്രൻ*:
,, *പി. എസ്. സുപാൽ*:
,, *ബിനോയ് വിശ്വം*:
,, *എൻ. രാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly